# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് പത്തൊമ്പത്

## ശേഷിച്ചിരിക്കുന്ന ശബ്ബത്തിൻ വിശ്രമം

## (2)

Sat കഴിഞ്ഞ ദൂതിൽ ശബ്ബത്തിൻ വിശ്രമത്തിന്റെ യഥാർഥ അർഥം നാം കണ്ടു, ഇത് കേവലം വേല പൂർത്തിയാക്കിയതിനു ശേഷമുള്ള ഒരു വിശ്രമത്തെയല്ല, ഇത് സംതൃപ്തിയെയാണ് അർഥമാക്കുന്നത്. നിങ്ങളുടെ ആഗ്രഹം തൃപ്തമാക്കപ്പെട്ടില്ലെങ്കിൽ, നിങ്ങൾക്ക് വിശ്രമം ഉണ്ടായിരിക്കുവാൻ കഴിയില്ല. ഏറ്റവും നല്ല വിശ്രമം, യഥാർഥ വിശ്രമം, നമ്മുടെ ഹൃദയാഗ്രഹത്തിന്റെ സംതൃപ്തിയാണ്. ശബ്ബത്തിൻ വിശ്രമമെന്ന ഈ വിഷയത്തെ നാം പരിഗണിക്കുമ്പോൾ, ദൈവത്തിന്റെ ഹൃദയാഗ്രഹം എന്താണെന്നു നാം പഠിക്കണം. ബൈബിളിന്റെ ആരംഭം മുതൽ അവസാനം വരെ, ദൈവത്തിന്റെ നിത്യപദ്ധതിയനുസരിച്ചുള്ള അവന്റെ ആഗ്രഹം മനുഷ്യനാൽ ആവിഷ്കരിക്കപ്പെടുകയും പ്രതിനിധീകരിക്കപ്പെടുകയും ചെയ്യുക എന്നതാണെന്ന് നമുക്കു കാണുവാൻ കഴിയും. ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചതും സകലത്തിന്മേലും അവന് ആധിപത്യം നല്കിയതും ഇതിനു വേണ്ടിയാണ് (ഉല്പ. 1:26). ദൈവത്തെ ആവിഷ്കരിക്കുകയും അവനെ പ്രതിനിധീകരിക്കുകയും ചെയ്തുകൊണ്ട് മനുഷ്യൻ ഭൂമിയിൽ ഉള്ളപ്പോൾ, ദൈവത്തിന്റെ ആഗ്രഹം തൃപ്തിപ്പെടുന്നു. നമ്മുടെ ദൈവത്തിന്റെ ആഗ്രഹത്തിൽ നാം സംതൃപ്തരായിരിക്കുമ്പോൾ, നാം അധ്വാനിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾപോലും നാം വിശ്രമിക്കുന്നു. ബൈബിൾ ആദ്യമായി മനുഷ്യനെ പരാമർശിക്കുമ്പോൾ, അത് ദൈവത്തിന്റെ സ്വരൂപത്തെക്കുറിച്ചും ആധിപത്യത്തെക്കുറിച്ചും സംസാരിക്കുന്നു, മനുഷ്യൻ ദൈവത്തെ തന്റെ സ്വരൂപത്താൽ ആവിഷ്കരിക്കുവാനും ദൈവത്തെ തന്റെ ആധിപത്യത്തോടെ പ്രതിനിധീകരിക്കുവാനും വിധിക്കപ്പെട്ടവനാണെന്ന് ഇതു സൂചിപ്പിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഭൂമിയിൽ ദൈവത്തിന്റെ ഭരണത്തിനായി ഒരു രാജ്യം, ഒരു ദിവ്യ മണ്ഡലം സ്ഥാപിക്കുന്നതിന് തന്റെ സ്വരൂപത്തിലും തന്റെ അധികാരത്തോടുംകൂടെ ദൈവത്തെ

ആവിഷ്കരിക്കുന്നതിനും അവനെ പ്രതിനിധീകരിക്കുന്നതിനുമായി മനുഷ്യൻ ദൈവത്താൽ നിയോഗിക്കപ്പെട്ടിരിക്കുന്നു. ഉല്പത്തി 1-ൽ ഇത് വ്യക്തമായി ചിത്രീകരിച്ചിരിക്കുന്നു.

നാം ബൈബിളിന്റെ അവസാനത്തിലേക്കു വരുമ്പോൾ, സൃഷ്ടിപ്പ്, വീണ്ടെടുപ്പ്, രൂപാന്തരം, തേജസ്കരണം എന്നീ നൂറ്റാണ്ടുകളുടനീളമുള്ള ദൈവവേലയ്ക്കുശേഷം, ദൈവത്തിന്റെ കാഴ്ചയോടുകൂടിയ ഒരു നഗരത്തെ നാം കാണുന്നു. സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തിന് സൂര്യകാന്തത്തിന്റെ കാഴ്ചയുണ്ട് (വെളി. 4:2-3), പുതിയ യെരൂശലേം എന്ന മുഴുവൻ നഗരത്തിനും സൂര്യകാന്തത്തിന്റെ കാഴ്ചയുണ്ട് (വെളി. 21:11, 18): നഗത്തിലും നഗരത്തിലൂടെയും ദൈവം പൂർണമായി ആവിഷ്കരിക്കപ്പെടുമെന്ന് ഇതു സൂചിപ്പിക്കുന്നു. നിങ്ങൾ ആ നഗരത്തെ നോക്കുമ്പോൾ നിങ്ങൾ ദൈവത്തെ കാണും. അവിടെ, പുതിയ യെരൂശലേമിൽ, ദൈവം പൂർണമായി ആവിഷ്കരിക്കപ്പെടും. മാത്രമല്ല, ദൈവത്തിന്റെ ആധിപത്യവും അവിടെ ഉണ്ടെന്നു കാണിച്ചുകൊണ്ട് നഗരത്തിന്റെ മധ്യത്തിൽ ദൈവത്തിന്റെ സിംഹാസനം ഉണ്ട് (വെളി. 22:1, 3). പുതിയ യെരൂശലേമിൽ ദൈവത്തിന്റെ സ്വരൂപം ആവിഷ്കരിക്കപ്പെടുകയും അവന്റെ അധികാരം പ്രയോഗിക്കപ്പെടുകയും ചെയ്യും. അതുകൊണ്ട്, ഭാവികാല നിത്യതയിൽ പുതിയ യെരൂശലേമായിരിക്കും ദൈവത്തിന്റെ സമ്പൂർണ ആവിഷ്കാരവും ആധിപത്യവും. അതായിരിക്കും ദൈവത്തിനുള്ള യഥാർഥ ശബ്ബത്തിൻ വിശ്രമം. ആ സമയത്ത്, ദൈവത്തിന്റെ ഹൃദയാഗ്രഹം പൂർണമായി തൃപ്തിപ്പെടും എന്നതുകൊണ്ട് ദൈവം പൂർണ വിശ്രമത്തിലായിരിക്കും. അവൻ വേണമെന്ന് ആഗ്രഹിച്ചത് അവൻ നേടിയിട്ടുണ്ടാവും. ഇതാണ് ശബ്ബത്തിൻ വിശ്രമത്തിന്റെ യഥാർഥ അർഥം.

## IX. വിവിധ യുഗങ്ങളിലെ ശബ്ബത്തിൻ വിശ്രമം

### A. ദൈവത്തിന്റെ ശബ്ബത്തിൻ വിശ്രമമായ യിസ്രായേൽ

ശബ്ബത്തിൻ വിശ്രമത്തെക്കുറിച്ചുള്ള ഈ ഗ്രാഹ്യത്തെ അടിസ്ഥാനമാക്കി, ബൈബിളിൽ ശബ്ബത്തിൻ വിശ്രമത്തിലുള്ള വ്യത്യസ്ത യുഗങ്ങളെയോ കാലഘട്ടങ്ങളെയോ നമുക്കു കാണുവാൻ കഴിയും. ഒന്നാമതായി, പഴയനിയമ യുഗത്തിലെ യിസ്രായേൽമക്കൾ ദൈവത്തിന്റെ ശബ്ബത്തായിരുന്നു. യിസ്രായേൽമക്കൾ ദൈവത്തെ ഭൂമിയിൽ ആവിഷ്കരിക്കുകയും അവനെ പ്രതിനിധീകരിക്കുകയും ചെയ്തു. യിസ്രായേൽമക്കളെക്കുറിച്ച് ധാരാളം പ്രതിലോമപരമായ സംഭവങ്ങൾ ബൈബിളിലുണ്ടെങ്കിൽപോലും, അവർ ദൈവത്തെ ആവിഷ്കരിക്കുകയും പ്രതിനിധീകരിക്കുകയും ചെയ്തു. നാം യിസ്രായേൽമക്കളുടെ ചരിത്രത്തിന്റെ

കറുത്ത വശം മാത്രമല്ല, വെളുത്ത വശവും നോക്കണം. ഞാൻ ഒരു യുവ ക്രിസ്ത്യാനിയായിരുന്നപ്പോൾ, യിസ്രായേൽ മക്കളെക്കുറിച്ച് കേട്ടതെല്ലാം പ്രതിലോമപരമായിരുന്നു. നാം യിസ്രായേലിനെ പ്പോലെയാകരുതെന്ന് നിരവധി ദൂതുകളിലൂടെ ഞങ്ങൾക്ക് മുന്നറിയിപ്പ് നൽകിക്കൊണ്ടിരുന്നു. ഇതിന്റെ ഫലമായി, സംഖ്യാപുസ്തകം ബൈബിളിലെ ഏറ്റവും മോശം പുസ്തകമാണെന്ന ആഴമായ മതിപ്പ് എനിക്കുണ്ടായി. അനേകം വർഷങ്ങൾക്കുശേഷം സംഖ്യാപുസ്തകം മഹത്വകരമാണെന്ന് ഞാൻ മനസ്സിലാക്കി. ഈ പുസ്തകത്തിൽ കറുത്ത വശം ഉണ്ടെങ്കിലും വെളുത്ത വശവുമുണ്ട്. ഉദാഹരണത്തിന്, യിസ്രായേലിനെ ശപിക്കുവാൻ ബിലെയാമിനെ കൂലിക്കെടുത്തപ്പോൾ എന്തു സംഭവിച്ചു? ദൈവം പരമാധികാരത്തോടെ ഈ വിഷയത്തെ കൈകാര്യം ചെയ്യുകയും ബിലെയാമിന്റെ വായിൽനിന്ന് ശാപത്തിനു പകരം അനുഗ്രഹം വരുകയും ചെയ്തു. ബിലെയാം പറഞ്ഞു, "യാക്കോബിൽ തിന്മ കാണ്മാനില്ല; യിസ്രായേലിൽ കഷ്ടത ദർശിപ്പാനുമില്ല" (സംഖ്യ. 23:21); "യാക്കോബേ, നിന്റെ കൂടാരങ്ങൾ യിസ്രായേലേ, നിന്റെ നിവാസങ്ങൾ എത്ര മനോഹരം!" (സംഖ്യ. 24:5).

ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായ യിസ്രായേൽ ദൈവത്തിന്റെ വിശ്രമം, അവന്റെ ശബ്ബത്ത് ആയിത്തീർന്നുവെന്ന് പഴയനിയമം വെളിപ്പെടുത്തുന്നു. യിസ്രായേൽ നല്ലദേശത്തെ കൈക്കലാക്കുകയും, ആ നല്ലദേശം "ഇമ്മാനുവേലിന്റെ ദേശം" ആയിത്തീരുകയും ചെയ്തു (യെശ. 8:8). ഇമ്മാനുവേൽ എന്ന പദത്തിന്റെ അർഥം "ദൈവം നമ്മോടുകൂടെ" എന്നാണ്. കനാൻദേശത്തെ മനുഷ്യനോടുകൂടെയുള്ള ദൈവത്തിന്റെ ദേശം, മനുഷ്യനോടുകൂടെ ആയിരിക്കുവാൻ ദൈവത്തിന് കഴിയുന്ന ദേശം, എന്നു വിളിക്കപ്പെട്ടിരുന്നു. യിസ്രായേൽമക്കൾ മുഖാന്തരം ദൈവം ആ ദേശത്തെ കൈക്കലാക്കിയതിനാൽ, യിസ്രായേൽമക്കൾ അവന്റെ ശബ്ബത്തായിത്തീർന്നു.

ഒടുവിൽ യിസ്രായേൽമക്കൾ ദൈവത്തിനുവേണ്ടി ആലയം പണിയുകയും, കർത്താവിന്റെ ഷെക്കീനാ തേജസ്സ് അതിനെ നിറയ്ക്കുകയും ചെയ്തു (1 രാജാ. 8:11). ആ ദിവസം, ദൈവം സ്വർഗത്തിൽനിന്നും ഇറങ്ങിവന്നു എന്നു മാത്രമല്ല, അവന്റെ ഷെക്കീനാ തേജസ്സ് ആലയത്തെ നിറയ്ക്കുകയും ചെയ്തു. അത് ദൈവം ഭൂമിയെ സൃഷ്ടിച്ചതിനേക്കാൾ വിലയേറിയതായിരുന്നു. ദൈവത്തിനു ഭൂമിയെ സൃഷ്ടിക്കുവാൻ മാത്രം കഴിയുകയും എന്നാൽ അതിനെ നേടി അതിന്മേൽ തന്റെ നിവാസമായ തന്റെ ആലയം പണിയുവാൻ കഴിയാതിരിക്കുകയും ചെയ്തുവെങ്കിൽ, പിന്നെ ഭൂമിയെക്കൊണ്ടുള്ള ഉപയോഗം എന്തായിരുന്നു? ആലയം പണിതതിനുശേഷം, "ഇപ്പോൾ എനിക്ക് ഭൂമിയിൽ ഒരു നിവാസം ഉണ്ട്" എന്ന് ദൈവത്തിനു പറയുവാൻ കഴിഞ്ഞു. യിസ്രായേൽമക്കൾ

കൈക്കലാക്കിയ ഭൂമി മനുഷ്യനോടുകൂടെയുള്ള ദൈവത്തിന്റെ ദേശം എന്ന ഇമ്മാനുവേലിന്റെ ദേശമായിത്തീരുക മാത്രമല്ല, ദൈവത്തിന്റെ നിവാസം പണിയപ്പെട്ട സ്ഥലമായിത്തീരുകയും ചെയ്തു. ദൈവത്തിന്റെ ആവിഷ്കാരം ആലയത്തിൽ ഉണ്ടായിരുന്നു, അത് ഭൂമിയിലെ ദൈവത്തിന്റെ നിവാസമായ യിസ്രായേലിന്റെ ഒരു പ്രതീകമായിരുന്നു. ആലയം പണിയുകയും ദൈവത്തിന്റെ തേജസ്സ് അതിനെ നിറയ്ക്കുകയും ചെയ്തപ്പോൾ ദൈവം വിശ്രമിച്ചു. യിസ്രായേൽമക്കളും വിശ്രമത്തിലായിരുന്നുവെന്ന് നിങ്ങൾ വിശ്വസിക്കുന്നില്ലേ? അതെ, അവർ എല്ലാവരും ദൈവത്തോടുകൂടെ വിശ്രമിച്ചു; അത് അവർക്കൊരു ശബ്ബത്തായിരുന്നു. അവരെല്ലാവരും ദൈവത്തോടുകൂടെ വിശ്രമിച്ചതിനാൽ തീർച്ചയായും അവർ ശബ്ബത്ത് ആചരിച്ചു. അതായിരുന്നു ശബ്ബത്തിൻ വിശ്രമത്തിന്റെ ഒന്നാം ഘട്ടം.

## B. ദൈവത്തിന്റെ ശബ്ബത്തിൻ വിശ്രമമായ യേശു

ദൈവം തന്റെ വ്യവസ്ഥയിൽ എപ്പോഴും ക്രമാനുഗതമായ രീതിയിൽ പ്രവർത്തിക്കുന്നു. ഒന്നാമതായി ദൈവത്തിന് ആദാമും, പിന്നെ ക്രമേണ അവന് ഹാബേലും, ഏനോശും, ഹാനോക്കും, നോഹയും, അബ്രാഹാമും, അവന്റെ സന്തതികളും, പിന്നെ യിസ്രായേൽമക്കളും ഉണ്ടായിരുന്നു. എന്നാൽ അത് അവസാനമല്ലായിരുന്നു. ക്രമേണയുള്ള ഈ വികാസത്തിനുശേഷം, രണ്ടാം മനുഷ്യനായ യേശു വന്നു. കർത്താവായ യേശു സ്നാനമേറ്റപ്പോൾ, ദൈവം സന്തുഷ്ടനും സംതൃപ്തനുമായി പറഞ്ഞു, "ഇവൻ എന്റെ പുത്രൻ, പ്രിയനായവൻ, ഇവനിൽ ഞാൻ എന്റെ പ്രസാദം കണ്ടെത്തിയിരിക്കുന്നു" (മത്താ. 3:17). തന്റെ പുത്രനിൽ പ്രസാദിച്ചിരിക്കുന്നുവെന്ന് ദൈവം പറഞ്ഞപ്പോൾ, അത് അർഥമാക്കിയത് അവൻ സംതൃപ്തനായിരുന്നു എന്നാണ്. ആ സമയത്ത്, കർത്താവായ യേശുവായിരുന്നു ദൈവത്തിന് ശബ്ബത്തിൻ വിശ്രമം. ദൈവം അവനിൽ വിശ്രമിച്ചു എന്നു മാത്രമല്ല, അവനെ അനുഗമിച്ചവരിൽ അനേകരും കർത്താവായ യേശുവിൽ വിശ്രമിച്ചു. കർത്താവായ യേശു ദൈവത്തിനും തന്നെ അനുഗമിച്ചവർക്കും ശബ്ബത്തിൻ വിശ്രമമായിരുന്നു. ദൈവവും അവനെ അനുഗമിച്ചവരും അവനിൽ വിശ്രമിച്ചു.

## C. ദൈവത്തിന്റെ ശബ്ബത്തിൻ വിശ്രമമായ ക്രിസ്തുവിന്റെ വികാസമായ സഭ

സഭ ക്രിസ്തുവിന്റെ വികാസവും വിസ്താരവുമാണ്. ക്രിസ്തു ദൈവത്തിന്റെ ശബ്ബത്തായിരുന്നുവെങ്കിൽ, അവന്റെ ശബ്ബത്തെന്ന നിലയിൽ സഭ എത്രയധികം വിശാലമായിരിക്കണം? യിസ്രായേൽ ദൈവത്തിന്റെ ശബ്ബത്തായിരുന്നുവെങ്കിൽ, സഭ അവന്

അതിലും അധികമായ ശബ്ബത്തായിരിക്കണം. ജഡത്തിലുള്ള കർത്താവായ യേശു ദൈവത്തിന്റെ ശബ്ബത്തായിരുന്നുവെങ്കിൽ, ക്രിസ്തുവിന്റെ ശരീരമായ സഭ ദൈവത്തിന് അതിനെക്കാൾ വലിയ ശബ്ബത്തായിരിക്കണം. നാം കർത്താവായ യേശുവിന്റെ അടുക്കൽ വരുമ്പോൾ നമുക്ക് വിശ്രമം ഉണ്ടെന്ന് ഞാൻ കേട്ടിട്ടുണ്ടെങ്കിലും, നാം സഭയിലേക്കു വരുമ്പോഴും നമുക്ക് വിശ്രമം ഉണ്ടാകുമെന്ന് ഞാൻ കേട്ടിട്ടില്ല. സഭ നിങ്ങളുടെ വിശ്രമമാണെന്ന സന്തോഷവാർത്ത ഇന്നു ഞാൻ നിങ്ങളോട് അറിയിക്കുവാൻ ആഗ്രഹിക്കുന്നു.

നിങ്ങളുടെ സ്വന്തം വീടുപോലെ വിശ്രമപൂർണമായ മറ്റൊരു സ്ഥലവുമില്ല. സഭ നിങ്ങളുടെ വീടല്ലേ? സഭ നിങ്ങളുടെ വീടാണെങ്കിൽ, സഭ തീർച്ചയായും നിങ്ങളുടെ വിശ്രമമായിരിക്കണം. സഭ ദൈവത്തിന്റെ ഭവനമല്ലേ? സഭ ദൈവത്തിന്റെ ഭവനമായതിനാൽ (1 തിമൊ. 3:15), സഭ ഇന്ന് ദൈവത്തിന്റെ വിശ്രമമായിരിക്കണം.

സഭായുഗം എന്ന ഈ യുഗത്തിൽ ക്രിസ്തുവാണ് നമ്മുടെ വിശ്രമം. എന്നാൽ സഭ ക്രിസ്തുവിന്റെ വികാസമാണെന്നു നിങ്ങൾ മനസ്സിലാക്കുന്നില്ലേ? ക്രിസ്തു നമ്മുടെ വിശ്രമമാണെങ്കിൽ, ക്രിസ്തുവിന്റെ വികാസമായ സഭയെ സംബന്ധിച്ചെങ്ങനെയാണ്? വ്യക്തിയായ ക്രിസ്തു നമ്മുടെ വിശ്രമമാണെങ്കിൽ, സംഘാത ക്രിസ്തുവിന്റെ കാര്യമെങ്ങനെയാണ്? വികാസം പ്രാപിച്ച ക്രിസ്തുവിനെ മറക്കുവാനോ സംഘാത ക്രിസ്തുവിനെ അവഗണിക്കുവാനോ നമുക്കെങ്ങനെ കഴിയും? വ്യക്തിയായ ക്രിസ്തു മാത്രമല്ല നമ്മുടെ വിശ്രമം, സംഘാത ക്രിസ്തുവും നമ്മുടെ വിശ്രമമാണ്. തല മാത്രമല്ല ശരീരവും നമ്മുടെ ശബ്ബത്തിൻ വിശ്രമമാണ്. "സഭ ഇന്ന് അവരുടെ വിശ്രമമാണെന്ന് നീ പോയി എന്റെ ജനത്തോടു പറയണം" എന്ന് പറഞ്ഞുകൊണ്ട് ഈയിടെ കർത്താവ് എന്നെ ഭാരപ്പെടുത്തി. സഭ ഇന്നത്തെ ശബ്ബത്തിൻ വിശ്രമമാണെന്ന് ഈ ദിവസങ്ങളിലെപ്പോലെ ഒരിക്കലും ഇത്ര വ്യക്തമായി ഞാൻ കണ്ടിരുന്നില്ല.

## *1. സഭ പുതുമനുഷ്യനായതുകൊണ്ട്*

എന്തുകൊണ്ട് സഭ ഇന്ന് ശബ്ബത്തിൻ വിശ്രമമാകുന്നു എന്നതിന്റെ കാരണങ്ങൾ നമുക്കിനി നോക്കാം. ഒന്നാമതായി, ഉല്പത്തി 1-ഉം 2-ഉം അധ്യായങ്ങളനുസരിച്ച്, ദൈവത്തിനു തന്റെ ശബ്ബത്തിൻ വിശ്രമം ഉണ്ടായിരിക്കേണ്ടതിന്, അവന് തന്റെ ആവിഷ്കാരവും പ്രാതിനിധ്യവും ഉണ്ടായിരിക്കണം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ദൈവത്തിന്റെ ശബ്ബത്തിന് തന്റെ സ്വന്തം സ്വരൂപത്തിലും ആധിപത്യത്തോടുകൂടെയുമുള്ള ഒരു മനുഷ്യനെ ആവശ്യമാണ്. തന്നെ ആവിഷ്കരിക്കുവാനും പ്രതിനിധീകരിക്കുവാനുമുള്ള ഒരു മനുഷ്യനെ ദൈവത്തിനു ലഭിച്ചതുകൊണ്ട്, പഴയ മനുഷ്യനെന്ന ഒന്നാം മനുഷ്യനെ സൃഷ്ടിച്ചശേഷം ഉടനെതന്നെ

ദൈവത്തിന് ഒരു ശബ്ബത്തുണ്ടായിരുന്നു. പുതുമനുഷ്യനെ സൃഷ്ടിച്ചശേഷവും ദൈവത്തിന് ഒരു വിശ്രമം ഉണ്ടായിരിക്കേണ്ടതല്ലേ? സഭയാണ് പുതുമനുഷ്യൻ (എഫെ. 2:15; 4:24). പഴയ മനുഷ്യനെ സൃഷ്ടിച്ചശേഷം ദൈവം ഒരു ശബ്ബത്തിൻ വിശ്രമം ആസ്വദിച്ചുവെങ്കിൽ, പുതിയ മനുഷ്യനെ സൃഷ്ടിച്ചശേഷം അവന് വലിയ ഒരു വിശ്രമം ഉണ്ടായിരിക്കണം. നാം പഴയ മനുഷ്യനെ സൃഷ്ടിച്ച യുഗത്തിലല്ല, പുതുമനുഷ്യനെ സൃഷ്ടിച്ചതിനുശേഷമുള്ള പുതിയ യുഗത്തിലാണ്. ദൈവത്തെ ആവിഷ്കരിക്കുവാനും പ്രതിനിധീകരിക്കുവാനും ഒരു പുതിയ മനുഷ്യനെ നേടിയിരിക്കുന്നതുകൊണ്ട് ദൈവത്തിന് ഒരു പുതിയ ശബ്ബത്തുണ്ട്. മനുഷ്യനെ സൃഷ്ടിച്ചതിനുശേഷമുള്ള ശബ്ബത്തിൻ വിശ്രമത്തിന്റെ ആദ്യ പരാമർശത്താൽ സ്ഥാപിക്കപ്പെട്ട തത്ത്വമനുസരിച്ച്, പുതുമനുഷ്യനെ സൃഷ്ടിച്ചതിനുശേഷം പുതിയതും മേന്മയേറിയതുമായ ഒരു ശബ്ബത്ത് ഉണ്ടായിരിക്കണം. നാം ഇന്ന് ഈ പുതിയ ശബ്ബത്തിലാണ്.

### *2. ദൈവം സഭയിൽ വിശ്രമിക്കുന്നതുകൊണ്ട്*

രണ്ടാമതായി, കനാൻദേശം ദൈവത്തിന് ഒരു വിശ്രമമായിരുന്നതുകൊണ്ട് അത് യിസ്രായേലിന് ഒരു വിശ്രമമായായിരുന്നു എന്ന് ആവർത്തനപുസ്തകം 12:9-ൽ നമ്മോടു വ്യക്തമായി പറഞ്ഞിരിക്കുന്നു. ദേശം ദൈവത്തിന്റെ വിശ്രമമായിരുന്നു, കാരണം അവിടെ അവന് തന്റെ നിവാസം ഉണ്ടായിരിക്കുവാനും അവന് തന്റെ നാമം സ്ഥാപിക്കുവാനും കഴിഞ്ഞു (ആവ. 12:5, 11). നാമം കേവലം വ്യക്തി തന്നെയാണ്. അവിടെ തന്റെ നാമം സ്ഥാപിക്കുമെന്നു ദൈവം പറഞ്ഞപ്പോൾ, അത് അർഥമാക്കിയത് അവിടെ അവനെത്തന്നെ വയ്ക്കുമെന്നാണ്. അവിടെ അവന്റെ നാമം ഉണ്ടായിരിക്കുമെന്നു ദൈവം പറഞ്ഞപ്പോൾ, "എന്റെ നാമം ഞാൻ തന്നെയാണ്. എന്റെ നാമം അവിടെ വസിക്കും എന്നതിന്റെ അർഥം ഞാൻ അവിടെ വസിക്കും എന്നാണ്. ഞാൻ എന്നെത്തന്നെ അവിടെ ഉറപ്പിക്കുകയും എന്റെ നിവാസം അവിടെ ഉണ്ടാക്കുകയും ചെയ്യും. ആ സ്ഥലം എന്റെ വാസസ്ഥലമായിരിക്കും, എന്റെ വാസസ്ഥലം എന്റെ വിശ്രമവുമാണ്" എന്ന് അവൻ പറയുകയായിരുന്നു എന്നു തോന്നി. സഭ ഇന്ന് ദൈവത്തിന്റെ നിവാസമല്ലേ? അത് ദൈവത്തിന്റെ ഭവനമല്ലേ? ദൈവത്തിന്റെ നിവാസം നമ്മുടെ ആത്മാവിലാണെന്ന് എഫെസ്യർ 2:22 പറയുന്നു. എഫെസ്യർ 2:15 പുതുമനുഷ്യനെക്കുറിച്ചും എഫെസ്യർ 2:22 ദൈവത്തിന്റെ നിവാസത്തെക്കുറിച്ചും പറയുന്നു. അവിടെയുള്ള പുതുമനുഷ്യനും വാസസ്ഥലത്തിനും, ശബ്ബത്തിൻ വിശ്രമമുണ്ടായിരിക്കണം. സഭ പുതുമനുഷ്യനല്ലേ? സഭ പുതുമനുഷ്യനായിരിക്കുന്നിടത്തോളം നമുക്ക് ശബ്ബത്തുണ്ട്. സഭ ദൈവത്തിന്റെ നിവാസമല്ലേ? സഭ ദൈവത്തിന്റെ നിവാസമായിരിക്കുന്നിടത്തോളം നമുക്ക് ദൈവത്തിന്റെ വിശ്രമമുണ്ട്.

### *3. സഭ ഇന്നു ദൈവരാജ്യമായതുകൊണ്ട്*

തന്റെ ആവിഷ്കാരത്തിനുവേണ്ടി ദൈവത്തിന്റെ നിവാസം ഉണ്ടായിരിക്കേണ്ടതിന്, ദൈവത്തിന്റെ അധികാരം പ്രയോഗിക്കേണ്ട ആവശ്യമുണ്ട്. ഉല്പത്തി 1:26-ൽ ആധിപത്യം സ്വരൂപത്തെ പിന്തുടരുകയും അതിനോടു ചേർന്നു പോകുകയും ചെയ്യുന്നു. ഇതിനർഥം ദൈവത്തിന്റെ രാജ്യം അവന്റെ ആവിഷ്കാരത്തോടു ചേർന്നു പോകുന്നു എന്നാണ്. രക്ഷോപായവും സംരക്ഷണവും എന്ന നിലയിൽ രാജ്യത്തെക്കൂടാതെ, ദൈവത്തിന്റെ ആവിഷ്കാരം നിലനിൽക്കുക പ്രയാസമാണ്. എവിടെ ദൈവത്തിന്റെ ആവിഷ്കാരം ഉണ്ടോ, അവിടെ എപ്പോഴും ദൈവരാജ്യമുണ്ട്. ഇന്ന് സഭ ദൈവരാജ്യമല്ലേ? അതെ, സഭ തീർച്ചയായും ഇന്ന് ദൈവരാജ്യമാണ്.

യോഹന്നാൻ 3:5 പറയുന്നു, "സത്യമായി, സത്യമായി ഞാൻ നിന്നോടു പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല." (പ്രത്യുദ്ധാര ഭാഷ്യം). വീണ്ടുംജനനം നമ്മെ ദൈവരാജ്യത്തിലേക്കു കൊണ്ടുവരുന്നു എന്ന് ഈ വാക്യത്തിൽ നാം കാണുന്നു. എന്നിട്ടും ഇന്ന് ദൈവരാജ്യം നിലവിലില്ലെന്ന് ചിലർ പറയുന്നു. മത്തായി 13-നു ശേഷം ദൈവരാജ്യം താൽക്കാലികമായി മാറ്റി വച്ചിരിക്കുന്നു എന്ന ധാരണ ചിലർ പിടിച്ചുകൊള്ളുന്നു. ഈ ധാരണയനുസരിച്ച്, കർത്താവായ യേശു രാജ്യം യെഹൂദന്മാർക്ക് അവതരിപ്പിക്കുകയും അവർ അത് നിരസിക്കുകയും ചെയ്തതിനുശേഷം രാജ്യം താൽക്കാലികമായി മാറ്റിവയ്ക്കപ്പെട്ടു. എന്നാൽ ഇതു ശരിയാണെങ്കിൽ, വീണ്ടുംജനനം നമ്മെ രാജ്യത്തിലേക്കു കൊണ്ടുവരുന്നുവെന്നു പറയുന്ന യോഹന്നാൻ 3:5-നെ നാം എവിടെ വയ്ക്കും? നിങ്ങൾ വീണ്ടുംജനിച്ചിട്ടില്ലേ? നാം വീണ്ടുംജനിച്ചിരിക്കുന്നതിനാൽ, ഇപ്പോൾ നാം ദൈവരാജ്യത്തിലായിരിക്കണം. നാം ദൈവരാജ്യത്തിലേക്ക് വീണ്ടുംജനിച്ചിരിക്കുന്നുവെന്ന് യോഹന്നാൻ 3 പറയുന്നു. ഒരു മൃഗം ജനിക്കുമ്പോൾ അത് ഉടനെ ജന്തുരാജ്യത്തിലേക്കു പ്രവേശിക്കുന്നു. ഒരു മനുഷ്യൻ ജനിക്കുമ്പോൾ, അവൻ തീർച്ചയായും മനുഷ്യരാജ്യത്തിലേക്കു ജനിക്കുന്നു. നാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നതുകൊണ്ട് നാം ദൈവരാജ്യത്തിലേക്കു ജനിച്ചിരിക്കുന്നു. നിങ്ങൾക്കു ദിവ്യജീവനില്ലേ? നമുക്ക് ദിവ്യജീവനുള്ള സ്ഥിതിക്ക്, നാം ദൈവരാജ്യത്തിലല്ലെന്ന് നമുക്കെങ്ങനെ പറയുവാൻ കഴിയും?

ദൈവരാജ്യം ഇവിടെ ഇല്ലെന്നും നാം അതിനുവേണ്ടി കാത്തിരിക്കണമെന്നുമുള്ള ആശയത്താൽ നാം സ്വാധീനിക്കപ്പെടരുത്. എല്ലാ അർഥത്തിലും ദൈവരാജ്യം പൂർണമായ രീതിയിൽ വന്നിട്ടുണ്ടെന്ന് ഞാൻ പറയുന്നില്ലെങ്കിലും, രാജ്യം

വന്നുകഴിഞ്ഞുവെന്ന് ഞാൻ പറയുന്നു. "നിന്റെ രാജ്യം വരേണമേ" എന്നു നാം പ്രാർഥിക്കണമെന്ന് മത്തായി 6:10 പറയുമ്പോൾ, മത്തായി 16:18-19 സൂചിപ്പിക്കുന്നത് സഭ പണിയപ്പെടുമ്പോൾ രാജ്യം വരുന്നു എന്നാണ്. മത്തായി 16:18-ൽ കർത്താവായ യേശു പറഞ്ഞു, "ഞാൻ എന്റെ സഭയെ പണിയും", അടുത്ത വാക്യത്തിൽ "സ്വർഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു നൽകും" എന്ന് അവൻ പറഞ്ഞു. സഭ, രാജ്യം എന്നീ പദങ്ങൾ പരസ്പരം മാറ്റത്തക്ക രീതിയിൽ ഉപയോഗിച്ചിരിക്കുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു, സഭ രാജ്യമാണെന്നും രാജ്യം സഭയാണെന്നും ഇതു തെളിയിക്കുന്നു. രാജ്യം തുറക്കുവാൻ പത്രൊസ് താക്കോലുകൾ ഉപയോഗിച്ചപ്പോൾ, അതായിരുന്നു സഭ പണിയപ്പെട്ട സമയം. മത്തായിയുടെ സുവിശേഷം മുഴുവനും രാജ്യത്തെക്കുറിച്ചാണെങ്കിലും, പതിനാറും പതിനെട്ടും അധ്യായങ്ങളിൽ സഭയെക്കുറിച്ചു പറയുന്നു. നാമുമായി ഒരു പ്രശ്നമുള്ള ഒരു സഹോദരൻ നമ്മെ കേൾക്കുന്നില്ലെങ്കിൽ നാം "സഭയോടു പറയണമെന്നും" അവൻ "സഭയെ കേൾക്കണമെന്നും" മത്തായി 18:15-17-ൽ നമ്മോടു പറഞ്ഞിരിക്കുന്നു. ആ സഹോദരൻ സഭ പറയുന്നതു കേൾക്കുവാൻ വിസമ്മതിക്കുന്നുവെങ്കിൽ, സഭ അവനെ ഒരു ജാതീയനായോ ചുങ്കക്കാരനായോ കാണും. ഇതു പറഞ്ഞയുടനെ, ബന്ധിക്കുവാനും അഴിക്കുവാനും സഭയ്ക്കുള്ള അധികാരത്തെക്കുറിച്ചു കർത്താവ് സംസാരിക്കുന്നു. സഭാജീവിതം രാജ്യത്തിന്റെ യാഥാർഥ്യമാണെന്ന് ഇതിലൂടെ നാം കാണുന്നു.

ഇന്നത്തെ സഭാജീവിതം രാജ്യമാണെന്ന് പുതിയനിയമത്തിലെ മറ്റു പുസ്തകങ്ങളും വെളിപ്പെടുത്തുന്നു. രാജ്യത്തെക്കുറിച്ചല്ല, സഭാജീവിതത്തെക്കുറിച്ചുള്ള പുസ്തകമായ റോമാലേഖനത്തിൽ, ദൈവരാജ്യം സഭാജീവിതമാണെന്നു നാം കാണുന്നു. റോമർ 14:17 പറയുന്നു, "ദൈവരാജ്യം... നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും ആകുന്നു." ഇന്ന് സഭാജീവിതം ദൈവരാജ്യമാണ്.

സഭ ഇന്നു ദൈവരാജ്യമാണെന്ന് എഫെസ്യലേഖനവും നമ്മെ കാണിക്കുന്നു. എഫെസ്യർ 2:15 പുതുമനുഷ്യനെക്കുറിച്ചും, എഫെസ്യർ 2:22 നമ്മുടെ ആത്മാവിലുള്ള ദൈവത്തിന്റെ നിവാസത്തെക്കുറിച്ചും, എഫെസ്യർ 3:21 സഭയെക്കുറിച്ചും സംസാരിക്കുന്നു. ദൈവരാജ്യമായ സഭയെ എഫെസ്യർ 5:5-ൽ കാണാം. അങ്ങനെ, പുതുമനുഷ്യൻ നിവാസവും, നിവാസം സഭയും, സഭ രാജ്യവുമാണ്. തന്മൂലം, ഇന്നു സഭ ദൈവരാജ്യമാണ്. ഈ കുലുക്കമില്ലാത്ത രാജ്യത്തെ നാം പ്രാപിക്കുന്നുവെന്ന് എബ്രായർ 12:28 പറയുന്നു. നാം അതിനുവേണ്ടി കേവലം കാത്തിരിക്കുകയല്ല; അതിനെ പ്രാപിക്കുവാൻ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു.

വെളിപ്പാട് പുസ്തകത്തിലും നാം ഇതുതന്നെ കാണുന്നു. രാജ്യം ഇതുവരെ വന്നിട്ടില്ലെന്നും, ഭാവിയിൽ വരുമെന്നുമുള്ള ധാരണ നിരവധി ക്രിസ്ത്യാനികൾ പിടിച്ചുകൊള്ളുന്നുവെങ്കിലും, വെളിപ്പാട് 1:9-ൽ അപ്പൊസ്തലനായ യോഹന്നാൻ പറയുന്നു, "നിങ്ങളുടെ സഹോദരനും യേശുവിലുള്ള കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും സഹപങ്കാളിയുമായ യോഹന്നാൻ എന്ന ഞാൻ." യോഹന്നാൻ അപ്പോൾത്തന്നെ രാജ്യത്തിലായിരുന്നു വെന്ന് ഈ വാക്യം സൂചിപ്പിക്കുന്നു. ആ സമയത്ത് അവന് രാജ്യം എന്തായിരുന്നു? തുടർന്നു പറയുന്ന 10 മുതൽ 13 വരെയുള്ള വാക്യങ്ങളനുസരിച്ച് അത് സഭയായിരുന്നു. അതുകൊണ്ട്, ദൈവത്തിന്റെ അധികാരത്തെ പ്രയോഗിക്കുകയും പ്രതിനിധീകരി ക്കുകയും ചെയ്യുന്ന ഇടമായ രാജ്യമാണ് ഇന്ന് സഭ. ദൈവത്തിന് തന്റെ ആധിപത്യം എവിടെ ഉണ്ടോ, അവിടെ വിശ്രമമുണ്ട്. അതിനാൽ, ഇന്ന് ദൈവരാജ്യമായിരിക്കുന്ന സഭ, ദൈവത്തിന്റെ ശബ്ബത്തിൻ വിശ്രമമാണ്. സഭയ്ക്ക് ദൈവത്തിന്റെ സ്വരൂപം ഉള്ളതുകൊണ്ടും സഭ ദൈവത്തിന്റെ രാജ്യമായതുകൊണ്ടും, അതു ദൈവത്തിനു ശബ്ബത്തിൻ വിശ്രമമാണ്.

Mon

## X. എബ്രായലേഖനത്തിലെ ശേഷിച്ചിരിക്കുന്ന ശബ്ബത്തിൻ വിശ്രമമായ ദൈവഭവനം

ഈ ഘട്ടത്തിൽ നാം എബ്രായർ 3:6-7 വായിക്കേണ്ടതാവശ്യമാണ്: "എന്നാൽ പുത്രനെന്ന നിലയിൽ ക്രിസ്തു ദൈവഭവനത്തിന്മേൽ വിശ്വസ്തനായിരുന്നു, ധൈര്യവും പ്രത്യാശയുടെ പ്രശംസയും അവസാനം വരെ നാം മുറുകെപ്പിടിച്ചാൽ, നാം തന്നെ അവന്റെ ഭവനം ആകുന്നു. അതുകൊണ്ട് പരിശുദ്ധാത്മാവ് പറയുന്നതുപോലെ, "ഇന്ന് നിങ്ങൾ അവന്റെ ശബ്ദം കേട്ടാൽ," നാം ദൈവത്തിന്റെ ഭവനമാണെന്നും ദൈവപുത്രൻ ഇപ്പോൾ ആ ഭവനത്തെ കരുതുന്നുവെന്നും വാക്യം 6 പറയുന്നു. നാം ക്രിസ്തുവിനെ ആസ്വദിക്കണമെങ്കിൽ, നാം ഭവനത്തിലായിരി ക്കുകയും ഭവനത്തിന്റെ ഒരു ഭാഗമായിരിക്കുകയും വേണം. "അതുകൊണ്ട്" എന്ന പദത്തോടുകൂടെ വാക്യം 7 ആരംഭിക്കുന്നു, ഇത് മുമ്പത്തെ വാക്യത്തിന്റെ തുടർച്ചയാണെന്നു സൂചിപ്പിക്കുന്നു. 6-ഉം, 7-ഉം വാക്യങ്ങളെ ബന്ധിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന ഈ പദം അർഥമാക്കുന്നത് നാം ദൈവഭവനത്തെ കരുതു ന്നവരായിരിക്കണമെന്നാണ്, അല്ലെങ്കിൽ നാം ശബ്ബത്ത് നഷ്ടമാക്കുകയും വിശ്രമത്തിലേക്കു പ്രവേശിക്കാതിരിക്കുകയും ചെയ്യും. എബ്രായർ 3:7-ന്റെ തുടർച്ചയായ 4:7 പറയുന്നു, "ഇന്ന് നിങ്ങൾ അവന്റെ ശബ്ദം കേട്ടാൽ, നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുത് എന്ന് മുമ്പ് പറഞ്ഞിരുന്നതുപോലെ, വളരെ കാലത്തിനുശേഷം ദാവീദിൽ പറഞ്ഞുകൊണ്ട്, ഇന്ന്, എന്നൊരു

ദിവസം അവൻ വീണ്ടും നിയമിക്കുന്നു." വാക്യം 8-ഉം 9-ഉം തുടർന്നു പറയുന്നു, "യോശുവ അവരെ വിശ്രമത്തിലേക്ക് കൊണ്ടുവന്നു എങ്കിൽ, ഈ കാര്യങ്ങൾക്കുശേഷം അവൻ മറ്റൊരു ദിവസത്തെക്കുറിച്ച് സംസാരിക്കുകയില്ലായിരുന്നു. അതിനാൽ ദൈവജനത്തിന് ഒരു ശബ്ബത്തിൻ വിശ്രമം ശേഷിച്ചിരിക്കുന്നു." ഈ വാക്യങ്ങളെയെല്ലാം നാം ഒരുമിച്ചു വയ്ക്കുന്നുവെങ്കിൽ, ഇന്ന് ശബ്ബത്തിൻ വിശ്രമം ദൈവഭവനമാണെന്നു നാം കാണും. നാം ദൈവഭവനത്തിൽ തുടരുന്നില്ലെങ്കിൽ, നമുക്ക് ശബ്ബത്തിൻ വിശ്രമം നഷ്ടമാകും. എഴുത്തുകാരൻ എബ്രായ വിശ്വാസികളോട് ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "മരുഭൂമിയിൽവച്ച് നിങ്ങളുടെ പിതാക്കന്മാർ ദൈവവചനം ശ്രദ്ധിച്ചില്ല. അതിനാൽ, അതിനുശേഷം സങ്കീർത്തനങ്ങളിൽ, നിങ്ങൾ വിശ്രമത്തിലേക്കു പ്രവേശിക്കുന്നതിനുവേണ്ടി ആത്മാവ് മറ്റൊരു ദിവസം സ്ഥാപിച്ചു. ഇന്നു നിങ്ങൾ പ്രവേശിക്കുവാൻ ആവശ്യമായ വിശ്രമം എന്താണ്? അത് ദൈവപുത്രനായ ക്രിസ്തുവിൻ കീഴിലുള്ള ദൈവഭവനമാണ്." 3:7-ലെ "അതുകൊണ്ട്" വളരെ പ്രധാനമാണ്. നമുക്ക് ഈ പദം ഇവിടെ ഇല്ലായിരുന്നുവെങ്കിൽ, ഇന്നത്തെ ശബ്ബത്തിൻ വിശ്രമം ദൈവപുത്രന്റെ കരുതലിൻകീഴിലുള്ള ദൈവഭവനമാണെന്നു കാണുവാൻ നമുക്ക് കഴിയുമായിരുന്നില്ല.

ആയിരക്കണക്കിന് ക്രിസ്ത്യാനികൾ രക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും, അവരിൽ അനേകരും മരുഭൂമിയിൽത്തന്നെ തുടരുന്നു; അവർ ഒരിക്കലും നല്ലദേശത്തിലേക്കു പ്രവേശിച്ചിട്ടില്ല. എന്താണ് ഇന്നത്തെ നല്ലദേശം? ദൈവത്തിന്റെ രാജ്യത്തോടുകൂടെ ദൈവത്തിന്റെ നിവാസമുള്ള ഒരു സാഹചര്യമാണിത്. ഇതാണ് സഭാജീവിതം. സഭ ദൈവത്തിന്റെ ഭവനവും ദൈവത്തിന്റെ നിവാസവും ദൈവത്തിന്റെ രാജ്യവും ആണ്. അങ്ങനെ, സഭ ഇന്നത്തെ നല്ലദേശമാണ്. ഇതു നാം നഷ്ടമാക്കുന്നുവെങ്കിൽ, ഇന്നത്തെ ശബ്ബത്തിൻ വിശ്രമത്തെ നാം നഷ്ടമാക്കുന്നു.

ഞാൻ കേട്ടിട്ടുള്ള എല്ലാ വ്യാഖ്യാനങ്ങളിലും അതൃപ്തനായിരുന്നുകൊണ്ട്, എബ്രായർ 4-ലെ ശബ്ബത്തിൻ വിശ്രമത്തെക്കുറിച്ച് ഞാൻ വർഷങ്ങളോളം ആശ്ചര്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ, സഭ ഇന്നത്തെ ശബ്ബത്തിൻ വിശ്രമമാണെന്നു കണ്ടപ്പോൾ ഈ വിഷയത്തിൽ ഞാൻ പൂർണ്ണസംതൃപ്തനും വിശ്രമത്തിലുമാണ്. ദൈവപുത്രന്റെ കരുതലിൻകീഴിലുള്ള ദൈവഭവനം നമ്മുടെ വിശ്രമവും വീടും സ്വദേശവും ഇമ്മാനുവേലിന്റെ ദേശവും പാലും തേനും ഒഴുകുന്ന നല്ലദേശവും ആകുന്നു.

നാം ഭാരം ചുമക്കുന്നവരായി അവന്റെ അടുക്കൽ വരുന്നുവെങ്കിൽ അവൻ നമ്മുടെ വിശ്രമമായിരിക്കുമെന്ന് മത്തായി 11:28-30-ലും, അവനായിരുന്നു ശബ്ബത്തിന്റെ കർത്താവെന്ന്

മത്തായി 12:8-ലും കർത്താവായ യേശു പറഞ്ഞു. നമ്മുടെ വിശ്രമവും ശബ്ബത്തിന്റെ കർത്താവുമായ ഈ ക്രിസ്തു എവിടെയാണ്? അവൻ സഭയിലാണ്. ക്രിസ്തുവിനെ നമ്മുടെ വിശ്രമമായി എടുക്കണമെങ്കിൽ, നാം സഭയിലായിരിക്കണം. സർവവും ഉൾക്കൊള്ളുന്നവനായ ഈ ക്രിസ്തു ഇപ്പോൾ നിലവിളക്കുകളുടെ നടുവിൽ, അതായത് സഭകളുടെ നടുവിൽ, നടക്കുന്നുവെന്ന് വെളിപ്പാടു പുസ്തകം വ്യക്തമായി പ്രസ്താവിക്കുന്നു. അവൻ സഭകളുടെ ഇടയിൽ നടക്കുന്നവൻ മാത്രമല്ല, വെളിപ്പാട് 2-ഉം 3-ഉം വെളിപ്പെടുത്തുന്നതുപോലെ, അവൻ സഭകളോടു സംസാരിക്കുന്ന ആത്മാവുമാണ്. അവനെ സ്പർശിക്കുവാനും അവനെ ആസ്വദിക്കുവാനും നിങ്ങളുടെ വിശ്രത്തിനായി അവനിൽ പങ്കുകൊള്ളുവാനും നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ സഭയിലായിരിക്കണം. സഭ ഇന്ന് നമ്മുടെ ശബ്ബത്താണ്. ശബ്ബത്തിനെ സംബന്ധിച്ചുള്ള യെശയ്യാവിലെ എല്ലാ വാക്യങ്ങളിലും ഈ ആശയത്തെ നിങ്ങൾ പ്രയോഗിക്കുന്നുവെങ്കിൽ, അത് എത്രമാത്രം അർഥവത്താണെന്നു നിങ്ങൾ കാണും. എങ്ങനെയാണ് നാം ഇന്ന് ശബ്ബത്ത് ആചരിക്കുന്നത്? സഭാജീവിതം നയിക്കുന്നതിലൂടെ. അതെ, സഭാജീവിതം നമുക്കുണ്ടായിരിക്കേണ്ടത് എത്ര ആവശ്യമാണ്! നാം ആണ് യഥാർഥ ശബ്ബത്ത് ആചരിക്കുന്നവർ; നാം ദിനംപ്രതി ശബ്ബത്ത് ആചരിക്കുന്നു. എന്തൊരു ശബ്ബത്താണ് നാം ഇന്ന് ആസ്വദിക്കുന്നത്! എന്തൊരു വിശ്രമമാണിത്!

എബ്രായലേഖനത്തിൽ സഭയെ ഹ്രസ്വമായിട്ടാണെങ്കിലും ശക്തമായിട്ടത്രേ പ്രസ്താവിച്ചിരിക്കുന്നത്. എബ്രായർ 2:12 പറയുന്നു: "ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോടു പ്രഖ്യാപിക്കും; സഭാമധ്യേ ഞാൻ നിനക്ക് സ്തുതിഗീതങ്ങൾ പാടും." ദൈവത്തിന്റെ ആദ്യജാതനായ പുത്രന് പിതാവിനെ തന്റെ സഹോദരന്മാരോടു പ്രഖ്യാപിക്കുവാനും പിതാവിനു സ്തുതിഗീതങ്ങൾ പാടുവാനും കഴിയുന്ന സ്ഥലമാണ് സഭ. ഇതൊരു ചെറിയ കാര്യമല്ല. സഭാജീവിതത്തിലേക്കു വരുന്നതിനു മുമ്പ് വർഷങ്ങളായി നാം ആയിരുന്ന ഇടങ്ങളിൽ, ദൈവപുത്രൻ പിതാവിനെ നമ്മോടു പ്രഖ്യാപിക്കുകയായിരുന്നുവെന്നോ നമ്മുടെ ഇടയിൽ പിതാവിനു സ്തുതിഗീതങ്ങൾ പാടുകയായിരുന്നുവെന്നോ നാം തിരിച്ചറിഞ്ഞിരുന്നില്ലെന്ന് നമ്മിൽ അനേകർക്കും സാക്ഷ്യപ്പെടുത്തുവാൻ കഴിയും. ക്രിസ്തീയ ശുശ്രൂഷകളെന്നു വിളിക്കപ്പെടുന്ന പല കൂടിവരവുകളിലും നിങ്ങൾ സംബന്ധിച്ചിട്ടുണ്ടാകാമെങ്കിലും, നിങ്ങൾ ആയിരുന്ന ഇടത്ത് ദൈവപുത്രൻ പിതാവിനെ സ്തുതിക്കുകയായിരുന്നുവെന്ന ബോധം നിങ്ങൾക്കുണ്ടായിട്ടുണ്ടോ? എന്നാൽ ഇന്ന് സഭായോഗങ്ങളിൽ എങ്ങനെയാണ്? ഓരോ യോഗം കഴിയുമ്പോഴും കർത്താവ് പിതാവിന്റെ ജീവനെ, യാഥാർഥ്യത്തെ വെളിപ്പെടുത്തുകയാണെന്ന ബോധം നമുക്കുണ്ട്. നാം കൂടിവരുന്ന

ഓരോ സമയത്തും കർത്താവ് നമ്മിൽ സന്തുഷ്ടനാണെന്നും ദൈവപുത്രൻ പിതാവിനെ സ്തുതിക്കുകയാണെന്നുമുള്ള ബോധം നമുക്കുണ്ട്. ഇതാണ് ശബ്ബത്തിൻ വിശ്രമം.

എബ്രായർ 2-ൽ ദൈവപുത്രൻ പിതാവിനെ സ്തുതിക്കുന്ന സഭയും, മൂന്നാം അധ്യായത്തിൽ ദൈവപുത്രൻ ഉൽകൃഷ്ടമായി പരിപാലിക്കുന്ന ദൈവഭവനവും നമുക്കുണ്ട്. ഈ സഭ, ഈ ഭവനം ആണ് ശബ്ബത്തിൻ വിശ്രമം. രണ്ടും മൂന്നും അധ്യായങ്ങളിൽ ഈ രണ്ടു കാര്യങ്ങൾ പ്രസ്താവിച്ചതിനുശേഷം, എബ്രായലേഖനത്തിന്റെ എഴുത്തുകാരൻ നാലാം അധ്യായത്തിലെ ശേഷിച്ചിരിക്കുന്ന ശബ്ബത്തിൻ വിശ്രമത്തെക്കുറിച്ച്, "ആ വിശ്രമത്തിലേക്കു പ്രവേശിക്കുവാൻ നമുക്ക് ശുഷ്കാന്തിയുള്ളവരായിരിക്കുന്നതിന്റെ" ആവശ്യത്തെക്കുറിച്ച് സംസാരിക്കുന്നു (വാ. 11). എന്താണ് ഇവിടെ പ്രസ്താവിച്ചിരിക്കുന്ന നല്ലദേശമായ ശബ്ബത്ത്? അത് ദൈവഭവനമെന്ന സഭാജീവിതമാണ്, അതിൽ ദൈവപുത്രൻ പിതാവിനെ സ്തുതിക്കുന്നു, അത് ദൈവപുത്രനാൽ പരിപാലിക്കപ്പെടുന്ന ദൈവഭവനമാണ്. നാം കണ്ടതുപോലെ, മൂന്നാം അധ്യായത്തിലെ ദൈവഭവനത്തെയും നാലാം അധ്യായത്തിലെ ശബ്ബത്തിൻ വിശ്രമത്തെയും ബന്ധിപ്പിക്കുന്ന 3:7-ന്റെ തുടക്കത്തിലെ "അതുകൊണ്ട്" സഭാജീവിതം ഇന്നത്തെ ശബ്ബത്തിൻ വിശ്രമമാണെന്ന ശക്തമായ ഒരു തെളിവാണ്. അതിലേക്കു പ്രവേശിക്കുവാൻ നാം എല്ലാവരും പരിശ്രമിക്കണം, ഒരിക്കൽ നാം അതിൽ പ്രവേശിച്ചുകഴിഞ്ഞാൽ, ഒരിക്കലും നാം അതിനെ ഉപേക്ഷിക്കരുത്.

## XI. ഭിന്നാഭിപ്രായത്തെയും ശബ്ബത്തിൻ വിശ്രമത്തെ ഉപേക്ഷിക്കുന്നതിനെയുംക്കുറിച്ചുള്ള മുന്നറിയിപ്പ്

ബർന്നബാസ് ശബ്ബത്തിൻ വിശ്രമത്തെ ഉപേക്ഷിച്ച ഒരു വ്യക്തിയുടെ ദൃഷ്ടാന്തമാണ്. അപ്പൊസ്തലനായ പൗലൊസിനെ തന്റെ ശുശ്രൂഷയിലേക്ക് ബർന്നബാസ് കൊണ്ടുവരുകയും, കുറച്ചുകാലം പൗലൊസിനോടുകൂടെ ഒരു അപ്പൊസ്തലനായി ചേർന്നു പ്രവർത്തിക്കുകയും ചെയ്തു (പ്രവൃ. 9:26-27; 11:25-26; 13:2; 14:14). എങ്കിലും ഒടുവിൽ ബർന്നബാസ് പൗലൊസിനോട് ഭിന്നാഭിപ്രായമുള്ളവനാകുകയും, അവനിൽനിന്നു വേർപിരിഞ്ഞ് തന്നോടുകൂടെ മർക്കൊസിനെ കൂട്ടി സ്വന്തം വഴിക്ക് പോകുകയും, എന്നാൽ പൗലൊസ് ശീലാസിനോടുകൂടെ സഭകൾ സ്ഥാപിക്കുവാൻ പോകുകയും ചെയ്തു (പ്രവൃ. 15:36-41). ഇവിടം മുതൽ, പ്രവൃത്തികളുടെ പുസ്തകത്തിൽ ബർന്നബാസിനെ സംബന്ധിച്ച് പിന്നീട് ഒരു രേഖയുമില്ല, കാരണം അവൻ സഭാജീവിതത്തിന്റെ ശബ്ബത്തിൻ വിശ്രമത്തിൽ അല്ലായിരുന്നു. ബർന്നബാസ് ശബ്ബത്തിൻ വിശ്രമത്തിലേക്കു വരുകയും ഒരു

സമയത്തേക്ക് അതിൽ തങ്ങുകയും ചെയ്തെങ്കിലും ഭിന്നാഭിപ്രായമുള്ളവനായതുകൊണ്ട് പിന്നീട് അതിനെ ഉപേക്ഷിച്ചു. അതിനുശേഷം, അവൻ ശബ്ബത്തിൻ വിശ്രമത്തിൽ നിന്ന് പുറത്താകുകയും, ദിവ്യവ്യവസ്ഥയിൽ ഇല്ലാതിരിക്കുകയും ചെയ്തു.

ഭിന്നാഭിപ്രായത്തെക്കുറിച്ച് റോമർ 16:17-20-ൽ നമുക്കൊരു മുന്നറിയിപ്പുണ്ട്. വാക്യം 17 പറയുന്നു, "സഹോദരന്മാരേ, നിങ്ങൾ പഠിച്ച ഉപദേശത്തിന് വിരുദ്ധമായി, വിഭാഗങ്ങളും ഇടർച്ചയ്ക്ക് കാരണങ്ങളും ഉണ്ടാക്കുന്നവരെ അടയാളപ്പെടുത്തുവാൻ ഞാൻ പ്രബോധിപ്പിക്കുന്നു, അവരിൽനിന്ന് തിരിഞ്ഞുമാറുവിൻ." (പ്രത്യുദ്ധാര ഭാഷ്യം). ഇവിടെ ഇടർച്ചയ്ക്കുള്ള കാരണങ്ങൾ സഭാജീവിതത്തിൽനിന്നും അകന്നുപോകുന്നതിനെ പരാമർശിക്കുന്നു. അങ്ങനെയുള്ള ഭിന്നതകളും ഇടർച്ചയ്ക്കുള്ള കാരണങ്ങളും നമ്മെ ശബ്ബത്തിൻ വിശ്രമത്തിൽനിന്നും അകറ്റിക്കളയും. ഇത്തരം കാര്യം ഇന്നു മാത്രമല്ല സംഭവിക്കുന്നത്, പൗലോസിന്റെ കാലത്തും സംഭവിച്ചിരുന്നു. ഇന്ന് സഭാജീവിതത്തെ എതിർക്കുന്നവരോടോ അതിനോട് ഭിന്നാഭിപ്രായമുള്ളവരോടോ നിങ്ങൾ പരിശോധിച്ചാൽ, അവർക്കാർക്കും വിശ്രമമില്ലെന്നു നിങ്ങൾ കണ്ടെത്തും. അവർ ശബ്ബത്തിലോ നല്ലദേശത്തിലോ അല്ലാത്തതുകൊണ്ട് അവർക്ക് സന്തോഷമോ സമാധാനമോ ഇല്ല, അസൂയ മാത്രമേ ഉള്ളൂ. സഭാജീവിതത്തിനെതിരെ ഭിന്നാഭിപ്രായമുള്ളവരും അതിനെ എതിർക്കുന്നവരും ശബ്ബത്തിൻ വിശ്രമം നഷ്ടമാക്കും. റോമർ 16:18-ൽ പൗലൊസ് തുടർന്നു പറയുന്നു, "എന്തെന്നാൽ ഇത്തരത്തിലുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെ അല്ല, തങ്ങളുടെ സ്വന്തം വയറിനെയത്രേ സേവിക്കുന്നത്, ചക്കരവാക്കിലൂടെയും മുഖസ്തുതിയിലൂടെയും അവർ സാധാരണക്കാരുടെ ഹൃദയങ്ങളെ വഞ്ചിക്കുന്നു." (പ്രത്യുദ്ധാര ഭാഷ്യം). ഇങ്ങനെ ഭിന്നാഭിപ്രായമുള്ളവർക്ക് അവരുടേതായ ഒരു ചെറിയ രാജ്യത്തിനും സാമ്രാജ്യത്തിനും വേണ്ടിയുള്ള ഒരു അഭിരുചിയും ആഗ്രഹവും വിശപ്പും ഉണ്ട്. അവരുടെ വാദങ്ങളോ ഒഴികഴിവുകളോ കേൾക്കരുത്. അവരുടെ അടിസ്ഥാന ഘടകം അവരുടെ വയറാണ്. അവർ എന്തിനോവേണ്ടി വിശക്കുന്നു, കാരണം അവരുടെ ഉള്ളിൽ ആഴത്തിൽ ഒരു വിടവുണ്ട്. അവരുടെ ആഗ്രഹത്തെ തൃപ്തിപ്പെടുത്തുവാൻ അവർ ചിലത് അന്വേഷിക്കുന്നു. അതാണ് ഈ വാക്യത്തിലെ വയറ് എന്ന വാക്കിന്റെ അർഥം. ഇങ്ങനെ ഭിന്നാഭിപ്രായമുള്ളവർ സാധാരണക്കാരുടെ ഹൃദയങ്ങളെ വഞ്ചിച്ചുകൊണ്ട് ചക്കരവാക്കാലും മുഖസ്തുതിയാലുമുള്ള പ്രസംഗം നടത്തുന്നു. പിന്നിട് വാക്യം 20 തീർച്ചയായും ശബ്ബത്തിൻ വിശ്രമത്തെ പരാമർശിക്കുന്നു: "സമാധാനത്തിന്റെ ദൈവമോ സാത്താനെ വൈകാതെ നിങ്ങളുടെ പാദങ്ങൾക്കു കീഴെ ചതച്ചുകളയും. നമ്മുടെ കർത്താവായ യേശുവിന്റെ കൃപ നിങ്ങളോടുകൂടെ

ഇരിക്കുമാറാകട്ടെ." (പ്രത്യുദ്ധാര ഭാഷ്യം). സമാധാനത്തിന്റെ ദൈവം സന്നിഹിതനും സാത്താൻ ചതയ്ക്കപ്പെട്ടും ഇരിക്കുമ്പോൾ, അതു തീർച്ചയായും ശബ്ബത്തിൻ വിശ്രമമാണ്. കർത്താവിന്റെ കൃപയും വിശ്രമത്തിലേക്കു വിരൽ ചൂണ്ടുന്നു. ഭിന്നാഭിപ്രായ മുള്ളവരാൽ നാം വ്യതിചലിച്ചുപോകരുത്, മറിച്ച് ശബ്ബത്തിൻ വിശ്രമം ആസ്വദിക്കുവാൻ സഭയിൽ തങ്ങുക. ഇന്ന് ദൈവത്തിന്റെ ആഗ്രഹം സഭയാണ്. അതുകൊണ്ട്, അത് ദൈവത്തിന്റെ ശബ്ബത്തിൻ വിശ്രമമാണ്.